(ഡി) തിരുവനന്തപുരത്തുനിന്ന് ബ്രഹ്മഗിരിയിലെ പാപനാശത്തേക്ക് കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസ് നടത്താൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഇല്ല.

(സി) നിവേദനം ലഭിച്ചിരുന്നു.

(ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

കേരളാ-ബോംബെ-ബാംഗ്ലൂർ-ചെന്നൈ ബസ് സർവ്വീസ്

108 [2880] ശ്രീ. ടി. എം. ജേക്കബ് :

,, ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005, 2006 വർഷത്തിൽ അന്തർ സംസ്ഥാന സർവ്വീസുകൾ കെ. എസ്. ആർ. ടി. സി. ആരംഭിക്കുന്നത് സംബന്ധിച്ച് അന്യ സംസ്ഥാനങ്ങളുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ബോംബെ, ബാംഗ്ലൂർ, ചെന്നൈ എന്നീ പട്ടണങ്ങളിലേക്ക് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് കെ. എസ്. ആർ. ടി. സി.-യുടെ എയർ കണ്ടീഷൻഡ് ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് കെ. എസ്. ആർ. ടി. സി. തമിഴ്നാട്, കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി പ്രാരംഭ ചർച്ചകൾ നടത്തുകയുണ്ടായി. എന്നാൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി) പുതിയ എയർകണ്ടീഷൻഡ് ബസ്സുകൾ ഇറക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

ബസ്സ് സ്റ്റോപ്പുകളുടെ പുനർനിർണ്ണയം

109 [2881] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) നഗരങ്ങളിൽ ബസ്സ് സ്റ്റോപ്പുകൾ ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്ത് യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ബസ്സുകൾ കൃത്യമായി സ്റ്റോപ്പുകളിൽ തന്നെ നിർത്താത്തത് കാരണം യാത്രക്കാർക്ക് ബുദ്ധിമുട്ട് നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ച റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയാണ് ഇതിൽ തീരുമാനം എടുക്കേണ്ടത്. ഇവർക്ക് വേണ്ട നിർദ്ദേശങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണർ നൽകുന്നതാണ്. ഇതിനുപുറമേ പരാതി ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

(ബി) ഉണ്ട്.

(സി) ഇത് പരിഹരിക്കുന്നതിനായി കർശന നടപടികൾ എടുക്കുന്നതിനുള്ള നിർദ്ദേശം ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട സ്റ്റോപ്പുകളിൽ ബസ് നിർത്താത്ത ജീവനക്കാർക്കെതിരെ കർശന നടപടി എടുക്കുന്നതാണ്.

കിളിമാനൂർ-മധുര ഇന്റർസ്റ്റേറ്റ് സർവ്വീസ്

110 [2882] ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ ഡിപ്പോയിൽ നിന്നും നിലവിൽ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കിളിമാനൂർ ഡിപ്പോയിൽ നിന്നും ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള നടപടികളാരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(സി) കിളിമാനൂർ-മധുര ഇന്റർസ്റ്റേറ്റ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ?

ഉത്തരം

(എ) 53 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly